പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1553 — 31-01-2018 ൽ മറുപടിക്ക്

**കൃഷി യന്ത്രങ്ങൾ**

ചോദ്യം — ശ്രീ.അബ്ദുൽ ഹമീദ് പി.

മറുപടി — ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കൃഷി യന്ത്രങ്ങൾ കെട്ടിക്കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും. | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2014-15 വർഷത്തിൽ ആർ.കെ.വി.വൈ പദ്ധതിയിൽ വാങ്ങിയ യന്ത്രോപകരണങ്ങൾ തുറസ്സായ സ്ഥലത്ത് മഴയും വെയിലുമേറ്റ് കെട്ടികിടന്നത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് യന്ത്രങ്ങൾ മഴയും വെയിലും കൊള്ളാതെ പ്രത്യേകം ഷെഡ് കെട്ടി സംരക്ഷിക്കാൻ നിർദ്ദേശിച്ചതിനെത്തു-ടർന്ന് ഇപ്പോൾ മഴയും വെയിലുമേൽക്കാതെ ഷെഡിലാണ് സൂക്ഷിക്കുന്നത്. യന്ത്രങ്ങൾ എല്ലാം ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഇതിലുള്ള കൊയ്ത്തു മെതിയന്ത്രങ്ങൾ പൂർണ്ണമായും കഴിഞ്ഞ കൊയ്ത്തു സീസണിൽ കൃഷിക്കാർക്കായി KAICO ഉപയോഗിച്ചു വരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യന്ത്രങ്ങൾ വാങ്ങിയപ്പോൾ, ഇതിന്റെ ആവശ്യകത, വിതരണം, മെയിന്റനൻസ് തുടങ്ങിയവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയില്ലാതെ വാങ്ങിക്കൂട്ടി, സുരക്ഷിതമായി സംരക്ഷിക്കാൻ സംവിധാനമില്ലാതെ അരിമ്പൂരിലെ KAICO കേന്ദ്രത്തിൽ കൊണ്ടു വന്നിട്ടിരിക്കുകയായിരുന്നു. കൂടാതെ ടില്ലർ, ട്രാക്ടർ മുതലായ ഉഴവു യന്ത്രങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി കോൾ മേഖലയിലെ പാടശേഖരങ്ങളുടെ ഉപയോഗത്തിന് മാനദണ്ഡ പ്രകാരം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | യന്ത്രങ്ങൾ കെട്ടിക്കിടന്ന് നശിക്കാനിടയായ സാഹചര്യമെന്തെന്ന് അന്വേഷിക്കുമോ; | | |
| (സി) | എത്ര രൂപയുടെ കൃഷി യന്ത്രങ്ങളാണ് കെട്ടിക്കിടന്ന് നശിച്ചതെന്ന് വെളി പ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ